## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1454 | 03.10.2016 ലെ മറുപടിക്ക്

### പൊതുജനാരോഗ്യം

| ചോദ്യം<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>,, കെ. ആൻസലൻ<br>,, കാരാട്ട് റസാഖ്<br>,, ഒ. ആർ. കേളു | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പൊതുജനാരോഗ്യമേഖലയുടെ നിലവിലെ അവസ്ഥ ഗൗരവമായി വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പൊതുജനാരോഗ്യമേഖല ശക്തിപ്പെടുത്തുന്നതിന് സമഗ്രമായ എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) | കേരളത്തിനുള്ള ആരോഗ്യനയം കരുപ്പിടിപ്പിക്കുന്നതിന് വേണ്ടി സമഗ്ര ആരോഗ്യനയം രൂപീകരിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>ആരോഗ്യ സംരക്ഷണത്തിനും രോഗപ്രതിരോധത്തിനും ഊന്നൽ നൽകുന്നതിനായി പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും ഓരോ പ്രദേശങ്ങളിലെയും സാംക്രമിക രോഗങ്ങളും ജീവിതശൈലി രോഗങ്ങളും കണ്ടെത്തി പരിഹരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പദവി ഉയർത്തപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളിലും മറ്റ് സർക്കാർ ആശുപത്രികളിലും അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. യുണൈറ്റഡ് നാഷൻസിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കി സംസ്ഥാന ആരോഗ്യ മേഖലയെ വിലയിരുത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്ന നടപടികളും തുടക്കമിട്ടിട്ടുണ്ട്. |
| (സി) | ഗ്രാമങ്ങളിലെ സർക്കാർ ആതുരാലയങ്ങളിൽ കുടുംബ ഡോക്ടർ സംവിധാനവും ഓരോ വ്യക്തിയുടെയും ആരോഗ്യ വിവരങ്ങൾ ഓൺലൈനിൽ ശേഖരിക്കുന്ന ഇ-ഹെൽത്ത് സംവിധാനവും നടപ്പാക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് വിശദമാക്കുമോ? | (സി) | വിവിധ തലങ്ങളിലൂടെ ഓൺലൈൻ-ആയി രോഗികളുടെ ആരോഗ്യ വിവരങ്ങൾ ശേഖരിക്കുന്നതിനും സംഭരിക്കുന്നതിനും വേണ്ട സംവിധാനം ഇ-ഹെൽത്ത് പദ്ധതിയിൽ വിഭാവന ചെയ്തിട്ടുണ്ട്.<br><br>ഇ-ഹെൽത്ത് 'കേരള പദ്ധതി' ഒന്നാം ഘട്ടത്തിൽ കേരളത്തിലെ ഏഴ് ജില്ലകളിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. |

| | | | |
|---|---|---|---|
| | | | വ്യക്തിഗത ആരോഗ്യവിവരങ്ങൾ ശേഖരിക്കുന്നതിനായി ഇ-ഹെൽത്ത് സോഫ്റ്റ് വെയറിൽ പബ്ലിക് ഹെൽത്ത് മോഡ്യൂളുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ സബ് സെന്റർ എന്നിവ വഴി ശേഖരിക്കുന്ന വിവരങ്ങൾ, രോഗികൾ തുടർ ചികിത്സയ്ക്കായി എത്തുമ്പോൾ ആശുപത്രികളിൽ ശേഖരിക്കുന്ന വിവരങ്ങൾ ഇവയൊക്കെ സോഫ്റ്റ് വെയറിൽ സംഭരിക്കാൻ കഴിയും. ഫീൽഡ് തലത്തിൽ പ്രവർത്തിക്കുന്ന ജീവനക്കാർ ഗൃഹ സന്ദർശനം നടത്തുമ്പോൾ Hand Held Device വഴിയാണ് വിവരങ്ങൾ ശേഖരിക്കുന്നത്.<br><br>ഓരോ പൗരന്റെയും ചികിത്സാ രേഖകൾ കമ്പ്യൂട്ടർവത്കരിക്കുകയും പ്രസ്തുത രേഖകൾ ഒരു കേന്ദ്രീകൃത ശൃംഖലയുമായി ബന്ധിപ്പിക്കുകയും വഴി എല്ലാ ആരോഗ്യ ചികിത്സാ സ്ഥാപനങ്ങളിലും തടസ്സമില്ലാതെ തുടർ ചികിത്സ ലഭ്യമാക്കുന്നതിനും മെച്ചപ്പെട്ട സേവനം നൽകുന്നതിനും സഹായകമാകുന്നതാണ് ഈ പദ്ധതി.<br><br>പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തി സമഗ്ര ആരോഗ്യപരിചരണം (Comprehensive health care) ലക്ഷ്യമിട്ട്, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാർക്ക് പരിശീലനം നൽകാനുള്ള മേഖലകൾ തിട്ടപ്പെടുത്തി, അതിനനുസരിച്ച് പരിശീലനം നൽകുന്ന കാര്യം പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ